**പതിമൂന്നാംകേരള നിയമസഭ**

**ആറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത** | **20.12.2012 - ൽ** |
| **ചോദ്യം നം.3157** | **മറുപടിക്ക്** |

## പൂവത്തുംമൂട്ടിൽപാലം - അപ്രോച്ച്റോഡ് നിർമ്മാണം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ശബരിമല തിരുവാഭരണ പാതയായ പൂവത്തുംമൂട്ടിൽ പാലം നിർമ്മിക്കുന്നതിന് ഉത്തരവായതും നിർമ്മാണം പൂർത്തീകരിച്ചതും എന്നാണ് ; ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചത് ; | (എ) | പൂവത്തുമൂട്ടിൽ പാലം നിർമ്മിക്കുന്നതിന് ജി.ഒ.(ആർ.റ്റി.)1159/2004/പൊമവ തീയതി 21.11.2004 പ്രകാരം 2.2 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. 31.07.2008 -ൽ പണിപൂർത്തിയായി, ഇതിനായി 2.2 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനായി എത്ര ഭൂമിയാണ് സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ടിയിരുന്നത് ; പ്രസ്തുത ഭൂമിക്ക് പണം നൽകാനായി ഉത്തരവിറക്കിയത് എന്നാണ് ; പ്രസ്തുത തുക സ്വകാര്യ വ്യക്തികൾക്ക് നൽകിയിട്ടുണ്ടോ ; | (ബി) | പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിനായി 0.1406 ഹെക്ടർ ഭൂമി സ്വകാര്യ വ്യക്തിയിൽ നിന്നും ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത ഭൂമിക്ക് പണം നൽകുന്നതിനായി ജി.ഒ.(ആർ.റ്റി)നം. 1389/2010/പൊമവ തീയതി 04.09.2010 പ്രകാരം 10,40,407/- രൂപയും, ജി.ഒ.(ആർ.റ്റി)നം. 276/2011/പൊമവ തീയതി 18.02.2011- ലെ ഉത്തരവ് പ്രകാരം 3,59,500/- രൂപയും പൊതുമരാമത്ത് വകുപ്പ് റവന്യൂ അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്തിട്ടും അപ്രോച്ച് റോഡ് നിർമ്മിക്കാത്തതിനാൽ പ്രസ്തുത പാലത്തിന്റെ ഉപയോഗം ശബരിമല തീർത്ഥാടകരടക്കമുള്ള ആളുകൾക്ക് പ്രയോജനപ്രദമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ; അപ്രോച്ച് റോഡിനായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് ; ഇതിന് ഭരണാനുമതിയോ സാങ്കേതികാനുമതിയോ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ; ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് എന്ന് വ്യക്തമാക്കുമോ ; | (ഡി) | പഴയ കരാറുകാരനെ ഒഴിവാക്കുന്നതിലുള്ള കാലതാമസമാണ് തുടർ നടപടികൾ വൈകുന്നതിനു കാരണം. 107 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അപ്രോച്ച് റോഡിനായി തയ്യാറാക്കിയിട്ടുള്ളത്. നിലവിലുള്ള കരാറുകാരനെകൊണ്ട് പ്രവൃത്തി ചെയ്യിക്കുകയോ അല്ലെങ്കിൽ റിസ്ക് ആന്റ് കോസ്റ്റിൽ ഉൾപ്പെടുത്തി പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയോ ചെയ്യണമെന്ന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | വരുന്ന ശബരിമല സീസണിലെങ്കിലും അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി പാലം ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ